(ബി) ഒരു ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ അപര്യാപ്തതമൂലം ഇപ്പോൾ ഈ പദ്ധതി ഏറ്റെടുക്കാൻ നിർവ്വാഹമില്ല.

105 (1649) പാലക്കാട്-കുളപ്പുള്ളി റോഡ് സംസ്ഥാന പാതയായി അംഗീകരിക്കുന്നതിന് നടപടി

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-പൊന്നാനി റോഡിന്റെ പ്രധാന ഭാഗമായ പാലക്കാട്-കുളപ്പുള്ളി റോഡ് സംസ്ഥാന പാതയായി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ആവശ്യത്തിനുമേൽ നടപടികൾ എടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ റോഡ് ഭാഗികമായി സംസ്ഥാന പാത ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട്-കുളപ്പുള്ളി റോഡ് സംസ്ഥാന പാതയായി അംഗീകരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) പാലക്കാട് ഗുരുവായൂർ റൂട്ടിന്റെ ഭാഗമായ പാലക്കാട്-കുളപ്പുള്ളി റോഡ് സംസ്ഥാന പാതയായി അംഗീകരിക്കണമെന്നതു സംബന്ധിച്ച ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

(സി) പരിശോധിക്കുന്നതാണ്.

106 (1650) കുളപ്പുള്ളി-എലിയപ്പറ്റ റോഡ്

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കുളപ്പുള്ളി-എലിയപ്പറ്റ റോഡിന്റെ പുനരുദ്ധാരണം, പുനർനിർമ്മാണം എന്നിവയ്ക്ക് ഈ വർഷം ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(ബി) ഈ റോഡിന്റെ മൊത്തം മതിപ്പുതുക (ചെലവ്) എത്രയാണ്;

(സി) ഈ റോഡിന്റെ പണി ഈ വർഷത്തിൽത്തന്നെ ആരംഭിക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ നിലമെടുപ്പിനും, അഭിവൃദ്ധിപ്പെടുത്തലിനും വേണ്ടി 1999-2000-ാമാണ്ടിലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ വാല്യം I-ൽ മറ്റു ജില്ലാതല റോഡുകളുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ 4 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ബി) ഏകദേശം 50 ലക്ഷം രൂപ.

(സി) പ്രസ്തുത പണിക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ആവശ്യമായ ഫണ്ടും വകയിരുത്തുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly